# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2613** **18.08.2017-ൽ മറുപടിക്ക്**

**ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനം**

| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള | മറുപടി<br>ശ്രീ. ജി.സുധാകരൻ<br>(ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 45 മീറ്റർ ROW-യിൽ 4 വരിപ്പാതയായി വികസിപ്പിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ്. ഇതിനായുള്ള പാതയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിയമിച്ച കൺസൾട്ടൻസി വഴി തയ്യാറാക്കിയ അലൈൻമെന്റിന് കേരള സർക്കാർ പൊതുവായി അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ റോഡിന്റെ മധ്യഭാഗം അടയാളപ്പെടുത്തൽ പൂർത്തിയാക്കുകയും ചെയ്തു. സ്ഥലമെടുപ്പ് തുടങ്ങുന്നതിനായി കേന്ദ്ര മന്ത്രാലയത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഉത്തരവ് ലഭിക്കേണ്ടതുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് മാത്രമേ സ്ഥലമെടുപ്പ് തുടങ്ങുകയുള്ളൂ. |
| (ബി) പ്രസ്തുത ദേശീയപാത വീതി കൂട്ടുമ്പോൾ പുതുതായി നിർമ്മിക്കേണ്ടി വരുന്ന പാലങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുമോ എന്നറിയിക്കാമോ? | (ബി) നിലവിലെ 2 വരിപ്പാതയിലുള്ള പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിച്ച് 4 വരി മാനദണ്ഡങ്ങൾക്ക് അനുയോജ്യമാക്കുന്നതായിരിക്കും. ഈ പ്രവൃത്തി 4 വരിപ്പാതയുടെ നിർമ്മാണത്തിന് ഒപ്പമായിരിക്കും നടപ്പാക്കുക. |

S. Bindu

സെക്ഷൻ ഓഫീസർ